THE FIRST INTERNATIONAL INDIAN NEWSPAPER

# മാധ്യമം




സി.എം.എഫ്.ആർ.ഐയിൽ നടന്ന കേന്ദ്ര കാർഷികമന്ത്രാലയത്തിന് കീഴിലെ സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെയും ശാസ്ത്രജ്ഞരുടെയും യോഗത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി ഡോ. സഞ്ജീവ്കുമാർ ബല്യാൺ സംസാരിക്കുന്നു

# ശാസ്ത്രജ്ഞർ കർഷകർക്കുവേണ്ടി പ്രവർത്തിക്കണം -കേന്ദ്രമന്ത്രി

**കൊച്ചി:** കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ശാസ്ത്രസമൂഹം കർഷകർക്ക് പ്രയോജനകരമാകുന്ന ഗവേഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് കേന്ദ്ര കൃഷി സഹമന്ത്രി ഡോ. സഞ്ജീവ് കുമാർ ബല്യാൺ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര കാർഷിക-കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലെ സ്ഥാപനങ്ങളിലെ ഡയറക്ടർമാരെയും ശാസ്ത്രജ്ഞരെയും അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. സമുദ്ര കൂടുകൃഷി കൂടുതൽ വ്യവസ്ഥാപിതമാക്കുന്നതിന് മാരികൾചർ പോളിസി രൂപപ്പെടുത്തണമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐയെ കൂടാതെ സി.ഐ.എഫ്.ടി, സിഫ്നെറ്റ്, എഫ്.എസ്.ഐ, നിഫാറ്റ്, എൻ.ബി.എഫ്.ജി.ആർ, സിഫ്രി, കോക്കനട്ട് ഡെവലപ്മെൻറ് ബോർഡ്, സ്പൈസസ് ബോർഡ്, പ്ലാൻറ് ക്വാരൈൻറൻ ഇൻഫർമേഷൻ സിസ്റ്റം, ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കൊ ഡെവലപ്മെൻറ് എന്നീ സ്ഥാപനങ്ങളിലെ മേധാവികളും ശാസ്ത്രജ്ഞരും യോഗത്തിൽ സംബന്ധിച്ചു.

ഡോ. എ. ഗോപാലകൃഷ്ണൻ സ്വാഗതവും ഡോ. ആർ. നാരായണ കുമാർ നന്ദിയും പറഞ്ഞു.

**June 17, 2016**